D-1215/2023/SJPNI Date: 29/03/2023

# കേരളാ ജയിൽ വകുപ്പ്
# കേരള സർക്കാർ വിജ്ഞാപനം

## ദർഘാസ് പരസ്യം

പൊന്നാനി ജയിലിലെ അന്തേവാസികൾക്കുള്ള ഭക്ഷണ സാധനങ്ങൾ പാചകം ചെയ്യുന്നതിനുള്ള പാചക വാതകം ഡൊമസ്റ്റിക് പർപ്പസിലുള്ളത് 2023-24 വർഷത്തിൽ വിതരണം ചെയ്യാൻ താല്പര്യമുള്ള അംഗീകൃത കമ്പനി ഡീലർമാരിൽ നിന്നും മുദ്ര വെച്ച ദർഘാസ് 03/03/2023 തിയതയിൽ ക്ഷണിച്ചിരുന്നു. എന്നാൽ ദർഘാസ് സ്വീകരിക്കുന്ന അവസാന തിയ്യതിയായ 21/03/2023 വരെയും ദീർഘിപ്പിച്ച തിയ്യതിയായ 28/03/2023 വരെയും ആരും ടെൻഡർ ഫോം വാങ്ങുകയോ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ദർഘാസ് സ്വീകരിക്കുന്ന തിയതി 10/04/2023 വൈകീട്ട് 4 മണിവരെ ദീർഘിപ്പിച്ച് പരസ്യപ്പെടുത്തുന്നു. 14.2 കിലോഗ്രാം തൂക്കമുള്ള ഡൊമസ്റ്റിക് പർപസിലുള്ള ഗ്യാസ് സിലിണ്ടറിന് സർക്കാർ കലാ കാലങ്ങളിൽ നിശ്ച്ചയിക്കുന്ന വിലയിൽ നിന്നും കുറവ് വരുത്താൻ തയ്യാറാകുന്ന വിലയുടെ തോതാണ് ദർഘാസിൽ രേഖപ്പെടുത്തേണ്ടത്. മുദ്രവെച്ച ദർഘാസ് അടങ്ങിയ കവറിന് മുകളിൽ ദർഘാസ് നമ്പറും, പേരും എഴുതി സൂപ്രണ്ട്, സബ് ജയിൽ പൊന്നാനി, പൊന്നാനി നഗരം പി ഓ, മലപ്പുറം ജില്ല, പിൻ 679583 എന്ന വിലാസത്തിൽ നൽകേണ്ടതാണ്.

ദർഘാസ് നമ്പർ- D-1215/2023/SJPNI.
അടങ്കൽ തുക (ഒരു വർഷത്തേക്ക്)- 225000/-രൂപ (ഏകദേശം 200 സിലിണ്ടർ )
ദർഘാസ് ഫോമിൻറെ വില-500 രൂപ + 18 % GST
ഡ്യൂപ്ളിക്കേറ്റ് ദർഘാസ് ഫോമിൻറെ വില- 250 രൂപ + 18 % GST
ദർഘാസ് ഫോം ലഭിക്കുന്ന സ്ഥലം- സൂപ്രണ്ട് ഓഫീസ്, സബ് ജയിൽ പൊന്നാനി.
ദർഘാസ് ഫോം വിതരണം തുടങ്ങുന്ന തിയ്യതി- 06/03/2023
ദർഘാസ് ഫോം വിൽക്കുന്ന അവസാന തിയതിയും സമയവും-10/04/2023, 03.00 PM
ദർഘാസ് തുറക്കുന്ന തിയതിയും സമയവും- 10/04/2023, 04.00 PM
ഗ്യാസ് സപ്ലൈ തുടങ്ങേണ്ട തിയതി- 01/04/2023 മുതൽ

ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ദർഘാസ് ബഹു ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ് അവർകളുടെ അംഗീകാരത്തിന് വിധേയമായി ഉറപ്പിച്ചു നൽകുന്നതാണ്. ദർഘാസ് ഫോമിന് നൽകിയ തുക യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല. ദർഘാസ് ഫോം കൈമാറാൻ പാടുള്ളതല്ല. ദർഘാസ് ഫോം VPP ആയി അയക്കുകയോ, ചെക്ക്, പോസ്റ്റേജ് സ്റ്റാമ്പ് മുതലായവ ഫോമിൻറെ വിലയായി സ്വീകരിക്കുകയോ ചെയ്യുന്നതല്ല.

(ഒപ്പ്)

സൂപ്രണ്ട്,
സബ് ജയിൽ പൊന്നാനി

## നിബന്ധനകൾ

1. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പൊന്നാനി സബ് ജയിൽ സൂപ്രണ്ട് അവർകളുടെ ടെണ്ടറിലെ വ്യവസ്ഥകൾ കൈപ്പറ്റേണ്ടതും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായും അംഗീകരിക്കുന്നതായി രേഖപ്പെടുത്തി സമ്മത പത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ഏല്പിക്കേണ്ടതാണ്.
2. ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിരത ദ്രവ്യമായി അടങ്കൽ തുകയുടെ 1 % അടക്കേണ്ടതാണ്. നിരദ്രവ്യം അടച്ചാൽ മാത്രമേ ടെണ്ടറിൽ പങ്കെടുക്കുവാൻ പാടൊള്ളൂ. പ്രസ്തുത ടെണ്ടറിൽ വിജയിക്കാത്തവരുടെ നിരത ദ്രവ്യം അപ്പോൾ തന്നെ തിരിച്ച് നൽകുന്നതാണ്.
3. ഏറ്റവും കുറവ് തുകക്ക് ടെണ്ടർ വിളിച്ച വ്യക്തി സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. ടെണ്ടർ നടത്തിയ തിയതി മുതൽ 30 ദിവസത്തിനകം ബഹു ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ് അവർകളുടെ ഉത്തരവിന് വിധേയമായി ടെണ്ടർ സ്ഥിരപ്പെടുത്തി ഉത്തരവ് നൽകുന്നതാണ്.
4. നിയമപ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ടങ്കിൽ മാത്രമേ ഒരാൾക്ക് മറ്റൊരാളെ പ്രതിനിധീകരിച്ച് ടെണ്ടറിൽ പങ്കെടുക്കുവാൻ അനുവാദം ഉണ്ടായിരിക്കുകയോള്ളൂ. അപ്രകാരം നിയമപരമായി അധികാരപ്പെടുത്തൽ നഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള അധികാരം ടെണ്ടർ നടത്തുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.
5. ടെണ്ടർ നടത്തിപ്പ്, വ്യവസ്ഥകൾ എന്നീവ സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടായാൽ ടെണ്ടർ നടത്തുന്ന ബന്ധപ്പെട്ട ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കും.
6. ഏറ്റവും കുറവ് വരുത്തിയ തുക രേഖപ്പെടുത്തിയ പ്രകാരമുള്ള ടെണ്ടർ വാഗ്ദത്തം ചെയ്തിട്ടുള്ള സ്ഥാപനം 200 രൂപയുടെ മുദ്ര പത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പ് വെക്കേണ്ടതും, ടെൻഡർ അംഗീകരിച്ചതിനു ശേഷം വീണ്ടും 200 രൂപയുടെ മറ്റൊരു മുദ്രപത്രത്തിൽ ഉടമ്പടി ഒപ്പ് വെക്കേണ്ടതാണ്. ഇതിന് തയ്യാറാകാതിരുന്നാൽ അയാളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് സർക്കാരിലേക്ക് മുതൽകൂട്ടുന്നതാണ്. പുനർ ടെൻഡർ നടത്തുന്നത് മൂലം സർക്കാരിനുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് പ്രസ്തുത സ്ഥാപനം ഉത്തരവാദിയായിരിക്കുന്നതാണ്.
7. ടെണ്ടർ പ്രകാരമുള്ള പാചക ഗ്യാസ് വിതരണം ചെയ്ത് ബില്ല് സമർപ്പിക്കുന്ന മുറക്ക് ബില്ലിൽ രേഖപ്പെടുത്തിയ തുക ട്രഷറി മുഖേന സ്ഥാപനത്തിൻറെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതാണ്.
8. GST രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങൾ മാത്രം ടെണ്ടറിൽ പങ്കെടുത്താൽ മതിയാകും.
9. ജയിലിൽ നിന്നും ആവശ്യപ്പെടുന്ന എണ്ണത്തിൽ മുടക്കം കൂടാതെ സിലിണ്ടർ ജയിലിൽ എത്തിക്കേണ്ടതാണ്.
10. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദേശങ്ങൾ എല്ലാം പാലിക്കേണ്ടതാണ്.

(ഒപ്പ്)

സൂപ്രണ്ട്,
സബ് ജയിൽ പൊന്നാനി